## മധുരമായ കുട്ടികളേ – സ്വയം സ്വയത്തെ നോക്കൂ ഞാൻ പുഷ്പമായി മാറിയോ, ദേഹാഹങ്കാരത്തിലേക്ക് വന്ന് മുള്ളായി മാറുന്നില്ലല്ലോ? ബാബ വന്നിരിക്കുന്നത് നിങ്ങളെ മുള്ളിൽ നിന്നും പുഷ്പമാക്കി മാറ്റുന്നതിനാണ്.

**ചോദ്യം –** ഏതൊരു നിശ്ചയത്തിന്റെ ആധാരത്തിലാണ് ബാബയോട് ദൃഢമായ സ്നേഹമുണ്ടാവുക?
**ഉത്തരം –** ആദ്യം സ്വയത്തെ ആത്മാവെന്നു നിശ്ചയം ചെയ്യൂ എങ്കിൽ ബാബയോട് സ്നേഹമുണ്ടായിരിക്കും. ഈയൊരു ദൃഢ നിശ്ചയമുണ്ടായിരിക്കണം നിരാകാരനായ ബാബ ഈ ഭാഗ്യരഥത്തിൽ വിരാജിതനാണ്. ബാബ നമ്മെ ബ്രഹ്മാവിലൂടെ പഠിപ്പിക്കുകയാണ്. എപ്പോൾ ഈയൊരു നിശ്ചയം മുറിയുന്നുവോ അപ്പോൾ സ്നേഹവും കുറയുന്നു.

**ഓം ശാന്തി**. മുള്ളിൽ നിന്നും പുഷ്പമാക്കി മാറ്റുന്ന ഭഗവാന്റെ മഹാവാക്യങ്ങൾ അഥവാ പൂന്തോട്ടക്കാരന്റെ മഹാവാക്യം. കുട്ടികൾക്ക് അറിയാം നമ്മളിവിടെ മുള്ളിൽ നിന്ന് പുഷ്പമാകുന്നതിനായാണ് വന്നിരിക്കുന്നത്. നമ്മളാദ്യം മുള്ളായിരുന്നു എന്ന് ഓരോരുത്തർക്കുമറിയാം. ഇപ്പോൾ പുഷ്പമായി മാറുകയാണ്. ബാബയുടെ മഹിമ ധാരാളം പാടുന്നുണ്ട് പതിതപാവനാ വരൂ. ബാബ തോണിക്കാരനാണ്, തോട്ടക്കാനാണ്, പാപകടേശ്വരനാണ്. വളരെയധികം മഹിമയുണ്ടെങ്കിലും ചിത്രം എല്ലാ സ്ഥലത്തും ഒന്നു തന്നെയാണ്. ബാബയുടെ മഹിമയാണ് ജ്ഞാനസാഗരൻ, സുഖസാഗരൻ....... ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ആ ബാബയുടെ അടുത്താണ് ഇരിക്കുന്നത്. മുള്ളുകൾ നിറഞ്ഞ മനുഷ്യനിൽ നിന്നും നമ്മൾ പുഷ്പങ്ങളായ ദേവതയായി മാറാൻ വന്നിരിക്കുകയാണ്. ഇതാണ് നിങ്ങളുടെ ലക്ഷ്യം. ഇപ്പോൾ ഓരോരുത്തർക്കും തന്റെ ഉള്ളിലേക്ക് നോക്കണം എന്നിൽ ദൈവീക ഗുണങ്ങളുണ്ടോ? ഞാൻ സർവ്വഗുണ സമ്പന്നനാണോ? മുമ്പ് ദേവതകളുടെ മഹിമ പാടിയിരുന്നു, സ്വയത്തെ മുള്ളാണെന്നു മനസ്സിലാക്കിയിരുന്നു. ഞങ്ങളിൽ ഗുണങ്ങളില്ല....... കാരണം പഞ്ചവികാരങ്ങളുണ്ട്. ദേഹാഭിമാനമാണ് വളരെ കടുത്ത അസുഖം. സ്വയം ആത്മാവെന്നു മനസ്സിലാക്കുകയാണെങ്കിൽ ബാബയോടൊപ്പം വളരെ സ്നേഹത്തോടെയിരിക്കുന്നു. നിങ്ങൾക്കറിയാം നിരാകാരനായ ബാബ ഈ രഥത്തിൽ വിരാജിതനായിരിക്കുകയാണ്. ഈ നിശ്ചയമുണ്ടയിട്ടും പിന്നീട് നിശ്ചയം മുറിഞ്ഞു പോവുകയാണ്. നിങ്ങൾ പറയുന്നു നമ്മൾ ശിവബാബയുടെ അടുത്തേക്കാണ് വന്നിരിക്കുന്നത്. ഭഗീരഥനായ ബ്രഹ്മാബാബയുടെ ശരീരത്തിലുള്ളത് നമ്മളെല്ലാ ആത്മാക്കളുടെയും പിതാവായ ശിവബാബയാണ്.ശിവബാബയാണ് ഈ രഥത്തിൽ വിരാജിതനായി രിക്കുന്നത്. ഈ നിശ്ചയം പക്കാ ആയിരിക്കണം, ഇതിൽ തന്നെയാണ് മായ സംശയമുണ്ടാക്കിക്കുന്നത്. കന്യക തന്റെ പതിയോടൊപ്പം വിവാഹിതയാകുമ്പോൾ ധാരാളം സുഖം ലഭിക്കുമെന്നു വിചാരിക്കുന്നു. പക്ഷേ എന്ത് സുഖം ലഭിക്കാനാണ് പെട്ടെന്നു തന്നെ പോയി അപവിത്രമായിത്തീരുന്നു. കുമാരിയായിരുന്നപ്പോൾ മാതാപിതാക്കളെല്ലാം പോയി മുന്നിൽ നമസ്കരിക്കുന്നു കാരണം പവിത്രമാണ്. അപവിത്രമായിക്കഴിഞ്ഞാൽ എല്ലാവരുടെയും മുന്നിൽ പോയി നമസ്കരിക്കേണ്ടതായി വരുന്നു. ഇന്ന് എല്ലാവരും അവരുടെ മുന്നിൽ തലകുനിക്കുന്നു നാളെ സ്വയം തന്നെ എല്ലാവരുടെയും മുന്നിൽ തലകുനിക്കാൻ തുടങ്ങുന്നു.

ഇപ്പോൾ നിങ്ങൾ സംഗമത്തിൽ പുരുഷോത്തമനായി കൊണ്ടിരിക്കുകയാണ്. ഇനി നാളെ എവിടെയായിരിക്കും? ഇന്ന് വീടിന്റെയും കുടുംബത്തിന്റെയും അവസ്ഥ എന്താണ്! വളരെയധികം മോശമായിരിക്കുന്നു. ഇതിനെയാണ് വേശ്യാലയമെന്നു പറയുന്നത്. എല്ലാവരും വിഷത്തിലൂടെയാണ് ജനിക്കുന്നത്. ഇന്നേയ്ക്ക് 5000 വർഷങ്ങൾക്കു മുമ്പ് നമ്മൾ ശിവാലയത്തിലായിരുന്നപ്പോൾ വളരെയധികം സുഖികളായിരുന്നു. ദുഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. ഇപ്പോൾ വീണ്ടും അതുപോലെയായിത്തീർക്കാൻ ബാബ വന്നിരിക്കുകയണ്. മനുഷ്യർക്ക് ശിവാലയത്തെക്കുറച്ച് അറിയില്ല. സ്വർഗ്ഗത്തെയാണ് ശിവാലയമെന്ന് പറയുന്നത്. ശിവബാബ സ്വർഗ്ഗത്തെ സ്ഥാപിച്ചു. എല്ലവരും പിതാവേ.... എന്ന് വിളിക്കുന്നുണ്ട് എന്നാൽ അച്ഛൻ എവിടെയാണെന്ന് അവരോട് ചോദിക്കണം. അപ്പോൾ സർവ്വവ്യാപിയാണെന്ന് പറയുന്നു. പട്ടിയിലും പൂച്ചയിലും, മത്സ്യത്തിലും കൂർമ്മത്തിലുമുണ്ടെന്ന് പറഞ്ഞു , എത്ര അന്തരമാണ്. ബാബ പറയുന്നു നിങ്ങൾ ആദ്യം പുരുഷോത്തമരായിരുന്നു, പിന്നീട് 84 ജന്മങ്ങൾ എടുത്തുകഴിഞ്ഞ് ഇപ്പോൾ എന്തായിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണ് എല്ലാവരും പതിപാവനാ എന്നു വിളിക്കുന്നത്. ഇപ്പോൾ ബാബ പാവനമാക്കാൻ വന്നിരിക്കുകയാണ്. പറയുന്നു– ഈ അന്തിമജന്മം വിഷം കുടിക്കുന്നത് ഉപേക്ഷിക്കൂ. എന്നിട്ടും ചിലർ മനസ്സലാക്കുന്നില്ല. സർവ്വാത്മാക്കളുടെയും അച്ഛൻ പറയുന്നു, ഇപ്പോൾ പവിത്രമായി മാറൂ. എല്ലാവരും പിതാവേ... എന്നു പറഞ്ഞാണ് വിളിക്കുന്നത്. എല്ലാ ആത്മാക്കൾക്കും ആ ബാബയെ ആദ്യം ഓർമ്മവരുന്നു പിന്നെ ഈ ബാബ. നിരാകാരത്തിൽ ശിവബാബ

സാകാരത്തിൽ ബ്രഹ്മാബാബയും. പരമാത്മാവ് ഈ പതിത ആത്മാക്കൾക്ക് മനസ്സിലാക്കിത്തരുന്നു. നിങ്ങളും ആദ്യം പവിത്രമായിരുന്നു. ബാബയോടൊപ്പമായിരുന്നു പിന്നീട് ഇങ്ങോട്ട് പാർട്ട് അഭിനയിക്കാനായി വന്നിരിക്കുകയാണ്. ഈ ചക്രത്തെ നല്ല രീതിയിൽ മനസ്സിലാക്കൂ. ഇപ്പോൾ നമ്മൾ സത്യയുഗീ പുതിയ ലോകത്തേക്ക് പോവുകയാണ്. സ്വർഗ്ഗത്തിലേക്ക് പോകണമെന്ന ആഗ്രഹവും നിങ്ങൾക്കുണ്ടായിരുന്നില്ലേ. കൃഷ്ണനെപ്പോലുള്ള കുട്ടിയെ വേണമെന്നും നിങ്ങൾ പറഞ്ഞിരുന്നില്ലേ. ഇപ്പോൾ നിങ്ങളെ അതുപോലെയാക്കാൻ വേണ്ടി വന്നിരിക്കുകയാണ്. അവിടെയുള്ള കുട്ടികളെല്ലാവരും കൃഷ്ണനെപ്പോലെയായിരിക്കും. സതോപ്രധാന പുഷ്പങ്ങളായിരിക്കും. ഇപ്പോൾ നിങ്ങൾ കൃഷ്ണ പുരിയിലേക്ക് പോവുകയാണ്. താങ്കൾ സ്വർഗ്ഗത്തിലെ അധികാരികളാവുകയാണ്. അവനവനോട് ചോദിക്കണം ഞങ്ങൾ പുഷ്പങ്ങളാണോ? ദേഹാങ്കാരത്തിലേക്ക് വന്ന് മുള്ളായിത്തീരുന്നില്ലല്ലോ. മനുഷ്യർ സ്വയത്തെ ആത്മാവെന്നു മനസ്സിലാക്കുന്നതിനു പകരം ദേഹമാണെന്നു മനസ്സിലാക്കുന്നു. ആത്മാവിനെ മറന്നതിലൂടെ അച്ഛനെയും മറക്കുന്നു. ബാബയെ ബാബയിലൂടെത്തന്നെ അറിയുന്നതിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. പരിധിയില്ലാത്ത അച്ഛനിൽ നിന്നുമുള്ള സമ്പത്ത് എല്ലാവർക്കും ലഭിക്കുന്നുണ്ട്. സമ്പത്ത് ലഭിക്കാത്ത ആരുമുണ്ടാകില്ല. ബാബ തന്നെയാണ് വന്ന് എല്ലാവരെയും പാവനമാക്കി നിർവ്വാണധാമത്തിലേക്ക് കൊണ്ടുപോകുന്നത്. അവർ പറയുന്നു– ജ്യോതി ജ്യോതിയിലേക്ക് ലയിക്കുന്നു, ബ്രഹ്മത്തിലേക്ക് ലയിക്കുന്നു. ഒരു ജ്ഞാനവുമില്ല. നമ്മൾ ആരുടെ അടുത്തേക്കാണ് വന്നിരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഇത് മനുഷ്യന്റെ സത്സംഗമല്ല. ആത്മാക്കൾ പരമാത്മാവുമായി വേറെയായിരുന്നു, ഇപ്പോൾ ബാബയുമായുള്ള സംഗം ലഭിച്ചിരിക്കുകയാണ്. സത്യംസത്യമായ ഈ സംഗം കല്പത്തിൽ ഒരിക്കലേ ലഭിക്കൂ. സത്യ-ത്രേതായുഗത്തിൽ ഈ സത്സംഗമുണ്ടായിരുന്നില്ല. ബാക്കി ഭക്തിമാർഗ്ഗത്തിൽ ധാരാളം സത്സംഗമുണ്ട്. വാസ്തവത്തിൽ സത്യം ഒരേയൊരു ബാബ മാത്രമാണ്. ഇപ്പോൾ നിങ്ങൾ ആ ബാബയുടെ സംഗത്തിലിരിക്കുയാണ്. ഞങ്ങൾ ഈശ്വരീയ വിദ്യാർത്ഥികളാണെന്നുള്ള സ്മൃതിയുമുണ്ടായിരിക്കണം, ഭഗവാൻ നമ്മെ പഠിപ്പിക്കുന്നു അത് തന്നെ അഹോ സൗഭാഗ്യം.

നമ്മുടെ ബാബ ഇവിടെയുണ്ട്. ബാബ തന്നെയാണ് അച്ഛനും ടീച്ചറും ഗുരുവും. മൂന്ന് പാർട്ടും ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികളെ തന്റേതാക്കി മാറ്റുകയാണ്. ബാബ പറയുന്നു ഓർമ്മയിലൂടെ മാത്രമേ വികർമ്മം നശിക്കൂ. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ പാപം നശിക്കൂ, പിന്നെ നിങ്ങൾക്ക് പ്രകാശത്തിന്റെ കിരീടം ലഭിക്കുന്നു. ഇതും ഒരു അടയാളമാണ്. അല്ലാതെ ഇതിലൂടെ പ്രകാശം കാണപ്പെടും എന്നല്ല, പക്ഷേ പവിത്രതയുടെ അടയാളമാണ്. ഈ ജ്ഞാനം മറ്റെവിടെയും ലഭിക്കില്ല. ജ്ഞാനം നൽകുന്നത് ഒരേയൊരു അച്ഛനാണ്. ബാബയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ബാബ പറയുന്നു ഞാൻ മനുഷ്യ സൃഷ്ടിയുടെ പിതാവാണ്. മനുഷ്യ സൃഷ്ടി വൃക്ഷം തലകീഴായതാണ്. കല്പവൃക്ഷമല്ലേ. ആദ്യം ദൈവീക പുഷ്പങ്ങളുടെ വൃക്ഷമായിരുന്നു. ഇപ്പോൾ മുൾക്കാടായിരിക്കുകയാണ് കാരണം പഞ്ചവികാരങ്ങളുണ്ട്. ആദ്യത്തേതും മുഖ്യമായതും ദേഹാഭിമാനമാണ്. സത്യയുഗത്തിൽ ദേഹാഭിമാനികൾ ഉണ്ടായിരുന്നില്ല. സ്വയം ഞാൻ ആത്മാവാണെന്നുള്ളതു മാത്രം അറിയാം ബാക്കി പരമാത്മാവാകുന്ന അച്ഛനെക്കുറിച്ച് അറിയില്ല. ഞാൻ ആത്മാവാണെന്നുള്ളത് മാത്രം അറിയാം ബാക്കി മറ്റൊരു ജ്ഞാനവുമില്ല. ഇപ്പോൾ ബാബ നമുക്ക് മനസ്സിലാക്കിത്തരുന്നു, നിങ്ങളുടെ ഈ ശരീരം ജന്മജന്മാന്തരം പഴക്കമുള്ള പഴയ ജീർണ്ണിച്ചതായ വസ്ത്രമാണ്, ഇത് നിങ്ങൾക്കിപ്പോൾ ഉപേക്ഷിക്കണം(സർപ്പത്തെപ്പോലെ). ഇപ്പോൾ ആത്മാവും ശരീരവും രണ്ടും പതിതമാണ്. ആത്മാവ് പവിത്രമായിക്കഴിഞ്ഞാൽ പിന്നെ ശരീരവും പുതിയത് ലഭിക്കുന്നു. അവസാനം ആത്മാക്കളെല്ലാവരും മുകളിലേക്ക് ഓടിപ്പോകും. നാടകം പൂർത്തിയായി എന്ന ജ്ഞാനം ഇപ്പോഴാണ് നിങ്ങൾക്കുള്ളത്. ഇപ്പോൾ നമുക്ക് ബാബയുടെ അടുത്തേക്ക് പോകണം, അതുകൊണ്ട് വീടിനെ ഓർമ്മിക്കണം. ഈ ദേഹത്തെ ഉപേക്ഷിക്കണം, ശരീരം നശിച്ചു അർത്ഥം ലോകവും നശിച്ചു കഴിഞ്ഞു. പിന്നീട് നമ്മൾ സത്യയുഗീ പുതിയ വീട്ടിലേക്ക് പുതിയ സംബന്ധത്തിലേക്ക് വരുന്നു. കലിയുഗീ മനുഷ്യർ കലിയുഗത്തിൽ തന്നെ പുനർജന്മങ്ങളെടുക്കുന്നു. പക്ഷേ നിങ്ങൾക്ക് പുനർജന്മമെടുക്കേണ്ടത് പുഷ്പങ്ങളുടെ ലോകത്തിലാണ്. ദേവതകൾ പവിത്രമാണ്. നിങ്ങൾക്കറിയാം നമ്മൾ തന്നെയായിരുന്നു പുഷ്പങ്ങൾ പിന്നീട് മുള്ളായിരിക്കുകയാണ്. ഇനി വീണ്ടും പുഷ്പങ്ങളുടെ ലോകത്തേക്ക് പോകണം. ഇനി മുന്നോട്ടു പോകവേ നിങ്ങൾക്ക് ധാരാളം സാക്ഷാത്കാരങ്ങൾ ഉണ്ടാകും. ഈ സാക്ഷാത്കാരങ്ങളെല്ലാം ഒരു കളി പോലെയാണ്. മീര സാക്ഷാത്കാരത്തിൽ കളിക്കുമായിരുന്നു, പക്ഷേ അവരിൽ ജ്ഞാനമുണ്ടായിരുന്നില്ല. മീര വൈകുണ്ഡത്തിലേക്കും പോയില്ല. ഇവിടെത്തന്നെ എവിടെയെങ്കിലും ഉണ്ടാകും. ഈ ബ്രാഹ്മണകുലത്തിലേതാണെങ്കിൽ എവിടെയെങ്കിലും ജ്ഞാനം ലഭിച്ചിട്ടുണ്ടാകും. അല്ലാതെ സാക്ഷാത്കാരത്തിൽ നൃത്തം വെച്ചപ്പോൾ വൈകുണ്ഡത്തിലേക്ക് പോയി എന്നല്ല. അങ്ങനെ ധാരാളം പേർ നൃത്തം ചെയ്തിട്ടുണ്ടല്ലോ. സാക്ഷാത്കാരം കണ്ടതിനു ശേഷം പിന്നീട് പോയി വികാരികളായവർ ധാരാളമുണ്ട്. ഇങ്ങനെ പറയാറുണ്ട് – കയറിയാൽ വൈകുണ്ഡം വരെയ്ക്ക്, താഴെക്കു വീണാൽ തവിടുപൊടിയാകും.......ബാബ മുന്നറിയിപ്പ് നൽകുന്നു– അഥവാ നിങ്ങൾ

ജ്ഞാനയോഗം പഠിക്കുകയാണെങ്കിൽ വൈകുണ്ഡത്തിലെ അധികാരിയാകാൻ സാധിക്കും. ബാബയെ ഉപേക്ഷിച്ചാൽ വികാരമാകുന്ന അഴുക്കു ചാലിലേക്ക് വീണു പോകുന്നു. ആശ്ചര്യത്തോടെ ബാബയുടേതാകുന്നു, ജ്ഞാനം കേൾക്കുന്നു, കേൾപ്പിക്കുന്നു, ബാബയുടേതായിത്തീരുന്നു. അയ്യോ മായ എത്ര വലിയ മുറിവാണ് ഏൽപ്പിക്കുന്നത്. ഇപ്പോൾ ബാബയുടെ ശ്രീമത്ത് പ്രകാരം നിങ്ങൾ ദേവതയായിത്തീരുന്നു. അവിടെ ആത്മാവും ശരീരവും രണ്ടും ശ്രേഷ്ഠമാണ്. ദേവതകളുടെ ജന്മം വികാരത്തിലൂടെയല്ല. അവിടെ നിർവികാരിലോകമാണ്. അവിടെ പഞ്ചവികാരങ്ങളുമുണ്ടാകില്ല. ശിവബാബ സ്വർഗ്ഗമാണ് സ്ഥാപിച്ചത്. ഇപ്പോൾ നരകമായി. ഇപ്പോൾ നിങ്ങൾ വീണ്ടും സ്വർഗ്ഗവാസിയായി മാറുന്നതിനുവേണ്ടി വന്നിരിക്കുകയാണ്, ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് അവരാണ് സ്വർഗ്ഗത്തിലേക്ക് വരുന്നത്. നിങ്ങൾ വീണ്ടും പഠിക്കുകയാണ്, കല്പ-കല്പം വീണ്ടും പഠിച്ചുകൊണ്ടിരിക്കും. ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കും. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകമാണ്, ഇതിൽ നിന്നും ആരും മോചിതമാകില്ല. എന്തെല്ലാമാണോ ഇവിടെ സംഭവിക്കുന്നത്, ഉദാഹരണത്തിന് ഒരു കൊതുക് പറന്നു അത് കല്പത്തിനു ശേഷവും പറക്കും. ഇതെല്ലാം മനസ്സിലാക്കുന്നതിൽ വളരെ നല്ല ബുദ്ധി ആവശ്യമാണ്. ഈ ഷൂട്ടിംഗ് ഉണ്ടായിക്കൊണ്ടിരിക്കും. ഇത് കർമ്മക്ഷേത്രമാണ്. പരംധാമത്തിൽ നിന്നും ഇങ്ങോട്ട് വന്നിരിക്കുന്നത് പാർട്ട് അഭിനയിക്കാനാണ്.
ഈ പഠിപ്പിൽ ചിലർ പഠിച്ച് സമർത്ഥരാകുന്നു, ചിലർ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്. ചിലർ പഠിച്ച് പഠിച്ച് പഴയവരെക്കാളും തീവ്രഗതിയിൽ പോകുന്നു. ജ്ഞാനസാഗരൻ എല്ലാവരെയും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബാബയുടേതായി മാറി അർത്ഥം വിശ്വത്തിലെ അധികാരി പദവി നിങ്ങളുടേതാണ്. ബാക്കി നിങ്ങൾ പതിത ആത്മാക്കൾക്ക് തീർച്ചയായും പാവനമാകണം. അതിനുള്ള ഏറ്റവും സഹജമായ വഴിയാണ് പരിധിയില്ലാത്ത അച്ഛന്റെ ഓർമ്മയിലിരിക്കണം എന്നാൽ നിങ്ങൾക്ക് പാവനമായിത്തീരാൻ സാധിക്കും. നിങ്ങൾക്ക് ഈ പഴയലോകത്തോട് വൈരാഗ്യം വരണം. ബാക്കി മുക്തിധാമമുണ്ട്, ജീവന്മുക്തിധാമവുമുണ്ട്. ഒരേയൊരു ബാബയെയല്ലാതെ മറ്റൊന്നിനെയും ഓർമ്മിക്കരുത്. അതിരാവിലെ എഴുന്നേറ്റ് ഓർമ്മിക്കണം, നമ്മൾ അശരീരിയായി വന്നു, ഇനി അശരീരിയായി തിരികെപ്പോകണം. പിന്നെന്തിന് മറ്റുള്ള ദേഹധാരികളെ ഓർമ്മിക്കണം. അതിരാവിലെ അമൃതവേളയിൽ എഴുന്നേറ്റ് ഇങ്ങനെയെല്ലാം സ്വയത്തോട് സംസാരിക്കണം. അതിരാവിലെയുള്ള സമയത്തെ അമൃതവേള എന്നാണ് പറയുക. ജ്ഞാനസാഗരനായ ബാബയുടെ അടുത്താണ് ജ്ഞാനാമൃതമുള്ളത്. അപ്പോൾ ജ്ഞാനസാഗരൻ പറയുന്നു അതിരാവിലെയുള്ള സമയം വളരെ നല്ലതാണ്. അതിരാവിലെ എഴുന്നേറ്റ് വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം- ബാബാ, അങ്ങ് 5000 വർഷങ്ങൾക്കു ശേഷം വീണ്ടും വന്ന് കാണുകയാണ്. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപം നശിക്കുന്നു. ശ്രീമതം പാലിക്കണം, സതോപ്രധാനമായിത്തീരണം. ബാബയെ ഓർമ്മിക്കുന്നതിന്റെ സ്വഭാവമുണ്ടെങ്കിൽ സന്തോഷത്തോടെയിരിക്കും. ശരീരബോധം ഇല്ലാതാകുന്നു. പിന്നീട് ദേഹബോധമുണ്ടാകില്ല. വളരെയധികം സന്തോഷമുണ്ടാകും. നിങ്ങൾ പവിത്രമായിരുന്നപ്പോൾ സന്തോഷമായിരുന്നു. നിങ്ങളുടെ ബുദ്ധിയിൽ ഈ മുഴുവനും ജ്ഞാനം ഉണ്ടായിരിക്കണം. ആദ്യമാദ്യം വരുന്നവർ 84 ജന്മങ്ങൾ എടുത്തവരായിരിക്കും. പിന്നീട് ചന്ദ്രവംശികൾ കുറച്ച് കുറവ്, ഇസ്ലാമികൾ വീണ്ടും കുറവായിരിക്കും. നമ്പർവൈസായി വൃക്ഷത്തിന്റെ വൃദ്ധി ഉണ്ടാകുന്നു. മുഖ്യമായും ദൈവീകധർമ്മമാണ്. പിന്നീട് അതിൽ നിന്നും മൂന്ന് ധർമ്മം പുറത്തു വരുന്നു, അതിന്റെ ശാഖോപശാഖകൾ ഉണ്ടാകുന്നു. ഇപ്പോൾ നിങ്ങൾക്ക് ഡ്രാമയെക്കുറിച്ച് അറിയാം. ഈ ഡ്രാമ പേൻ പോലെ വളരെ പതുക്കെ പതുക്കെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഓരോ സെക്കന്റും ടിക്ക്-ടിക്ക് എന്ന് കറങ്ങിക്കൊണ്ടേയിരിക്കുന്നു. അതുകൊണ്ടാണ് സെക്കന്റിൽ ജീവന്മുക്തി എന്ന് പറയുന്നത്. ആത്മാവ് തന്റെ അച്ഛനെയാണ് ഓർമ്മിക്കുന്നത്.
ബാബാ, ഞങ്ങൾ അങ്ങയുടെ മക്കളാണ്. നമ്മൾ സ്വർഗ്ഗത്തിലുള്ളവരായിരിക്കണം. പിന്നെങ്ങനെ നരകത്തിൽ വന്ന് അകപ്പെട്ടു. ബാബ സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന ആളാണ് പിന്നെങ്ങനെ ഞങ്ങൾ നരകത്തിലേക്ക് അകപ്പെട്ടു. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ സ്വർഗ്ഗത്തിലായിരുന്നു, 84 ജന്മങ്ങളെടുത്തെടുത്ത് നിങ്ങളെല്ലാം മറന്നുപോയി. ഇപ്പോൾ വീണ്ടും എന്റെ മതമനുസരിച്ച് ജീവിക്കൂ. ബാബയുടെ ഓർമ്മയിലൂടെ വികർമ്മം നശിക്കുന്നു കാരണം ആത്മാവിൽ അത്രയും കറ പറ്റിയിരിക്കുകയാണ്. ആത്മാവിന്റെ ആഭരണമാണ് ശരീരം. ആത്മാവ് പവിത്രമാണെങ്കിൽ ശരീരവും പവിത്രമായത് ലഭിക്കുന്നു.നിങ്ങൾക്കറിയാം നമ്മൾ സ്വർഗ്ഗത്തിലായിരുന്നു ഇപ്പോൾ വീണ്ടും ബാബ വന്നിരിക്കുകയാണ്, അപ്പോൾ ബാബയിൽ നന്നും സമ്പത്ത് എടുക്കണ്ടേ. പഞ്ചവികാരങ്ങളെ ഉപേക്ഷിക്കണം. ദേഹാഭിമാനത്തെ ഉപേക്ഷിക്കണം. ജോലിയെല്ലാം ചെയ്തുകൊണ്ടും ബാബയെ ഓർമ്മിക്കൂ. ആത്മാവ് തന്റെ പ്രിയതമനെ അരക്കല്പമായി ഓർമ്മിച്ചു വന്നു. ഇപ്പോൾ ആ പ്രിയതമൻ വന്നിരിക്കുകയാണ്. ബാബ പറയുന്നു നിങ്ങൾ കാമ ചിതയിലിരുന്ന് കറുത്തു പോയി. ഇപ്പോൾ ഞാൻ സുന്ദരനാക്കി മാറ്റാൻ വന്നിരിക്കുകയാണ്. അതിനാണ് യോഗാഗ്നി. ജ്ഞാനത്തെ ചിതയെന്നു പറയില്ല.

യോഗമാണ് ചിത. ഓർമ്മയുടെ ചിതയിലിരുന്നാൽ വികർമ്മം നശിക്കും. ജ്ഞാനം അർത്ഥം വിവേകമാണ്. ബാബ നിങ്ങൾക്ക് സൃഷ്ടിയിലെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുകയാണ്. ഏറ്റവും ഉയർന്നതിലും ഉയർന്നത് ശിവബാബയാണ് പിന്നീട് ബ്രഹ്മാ വിഷ്ണു ശങ്കരൻ. പിന്നീട് സൂര്യവംശി-ചന്ദ്രവംശി, പിന്നീട് മറ്റു ധർമ്മങ്ങളും. സൃഷ്ടി വൃക്ഷം എത്ര വലുതായിരിക്കും. ഇപ്പോൾ ഈ വൃക്ഷത്തിന്റെ അടിത്തറ പോലുമില്ല അതുകൊണ്ടാണിതിനെ ആൽവൃക്ഷവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നത്. ദേവീദേവതാധർമ്മം അപ്രത്യക്ഷമായി. ദേവതകൾ ധർമ്മഭ്രഷ്ടരും കർമ്മഭ്രഷ്ടരുമായിത്തീർന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ശ്രേഷ്ഠരാകുന്നതിനായി ശ്രേഷ്ഠകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. തന്റെ ദൃഷ്ടിയെ നിർവ്വികാരിയാക്കി മാറ്റുകയാണ്. നിങ്ങൾഇപ്പോൾ ഭ്രഷ്ടകർമ്മങ്ങൾ ചെയ്യരുത്. ആരിലേക്കും കുദൃഷ്ടി പോകരുത്. സ്വയത്തെ നോക്കൂ ഞാൻ ലക്ഷ്മിയെ വരിക്കാൻ യോഗ്യനാണോ? ഞാൻ ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നുണ്ടോ? ദിവസവും കണക്കു നോക്കണം. മുഴുവൻ ദിവസവും ദേഹാഭിമാനത്തിലേക്ക് വന്ന് വികർമ്മങ്ങളൊന്നും ചെയ്തില്ലല്ലോ? ഇല്ലെങ്കിൽ നൂറുമടങ്ങ് ശിക്ഷകൾ ലഭിക്കുന്നു. മായ ചാർട്ട് വെക്കാൻ അനുവദിക്കില്ല. 2-4 ദിവസം എഴുതി പിന്നെ ഉപേക്ഷിക്കുന്നു. ബാബയ്ക്ക് കുട്ടികളെപ്രതി ചിന്തയുണ്ട്. കുട്ടികളോട് ദയ തോന്നുന്നു- കുട്ടികളേ എന്നെ ഓർമ്മിക്കൂ എന്നാലേ പാപം നശിക്കൂ. ഇതിൽ തന്നെയാണ് പ്രയത്നവും. സ്വയത്തെ നഷ്ടത്തിലേക്ക് കൊണ്ടുപോകരുത്. ബാക്കി ജ്ഞാനം വളരെ എളുപ്പമാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. അതിരാവിലെ അമൃതവേളയ്ക്ക് എഴുന്നേറ്റ് ബബയോട് മധുര-മധുരമായി സംസാരിക്കണം. അശരീരിയാകാൻ അഭ്യസിക്കണം. ശ്രദ്ധിക്കൂ, ബാബയുടെ ഓർമ്മയല്ലാതെ മറ്റൊന്നിന്റെയും ഓർമ്മ വരരുത്.

2. തന്റെ ദൃഷ്ടിയെ വളരെ ശുദ്ധവും പവിത്രവുമാക്കി മാറ്റണം. ദൈവീക പുഷ്പങ്ങളുടെ പൂന്തോട്ടം തയ്യാറായിക്കൊണ്ടിരിക്കുകയാണ് അതുകൊണ്ട് സ്വയത്തെ പുഷ്പമാക്കി മാറ്റാനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. മുള്ളാകരുത്.

## വരദാനം: തന്റെ ശക്തിശാലി സ്ഥിതിയിലൂടെ മനസ്സാ സേവനത്തിന്റെ സർട്ടിഫിക്കറ്റ് പ്രാപ്തമാക്കുന്ന സ്വ അഭ്യാസിയായി ഭവിക്കട്ടെ.

വിശ്വത്തിനു പ്രകാശത്തിന്റെയും ശക്തിയുടെയും വരദാനം നൽകുന്നതിനായി അമൃതവേളയിൽ ഓർമ്മയുടെ സ്വ അഭ്യാസത്തിലൂടെ ശക്തിശാലി വായുമണ്ഡലം ഉണ്ടാക്കൂ അപ്പോൾ മനസ്സാ സേവനത്തിന്റെ സർട്ടിഫിക്കറ്റ് പ്രാപ്തമാകും. അന്തിമത്തിൽ മനസ്സിന്റെ ദൃഷ്ടിയിലൂടെ തൃപ്തരാകുന്നത്തിന്റെയും നമ്മുടെ വൃത്തിയിലൂടെ മറ്റുള്ളവരുടെ വൃത്തിയെ പരിവർത്തനമാക്കുന്ന സേവനം ചെയ്യണം. തന്റെ ശ്രേഷ്ഠ സ്മൃതിയിലൂടെ സർവരെയും ശക്തിശാലി ആക്കണം. പ്രകാശവും ശക്തിയും കൊടുക്കുന്നതിന്റെ അഭ്യാസം എപ്പോൾ വരുന്നുവോ അപ്പോൾ നിർവിഘ്ന വായുമണ്ഡലം ഉണ്ടാകും കോട്ട ഉറപ്പുള്ളതാകും.

## സ്ലോഗൻ: ആരാണോ മനസ്സാ വാചാ കർമ്മണാ മൂന്ന് സേവനവും ഒന്നിച്ച് ചെയ്യുന്നത് അവരാണ് ബുദ്ധിമാൻ.

**അവ്യക്ത സൂചന ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ**

സെക്കന്റിൽ മുക്തിയുടെയും ജീവൻ മുക്തിയുടെയും സമ്പത്ത് പ്രാപ്തമാക്കൂ എന്ന് ചലഞ്ച് ചെയ്യുമല്ലോ, അതിനെ പ്രാക്ടിക്കലിൽ കൊണ്ട് വരുന്നതിനായി സ്വാപരിവർത്തനത്തിന്റെ സ്ഥിതി സെക്കൻഡിൽ ഉണ്ടാകുന്നുണ്ടോ?സ്വപരിവർത്തനത്തിൽ കൂടി മറ്റുള്ളവരുടെ പരിവർത്തനം ചെയ്യണം. ബ്രഹ്മകുമാർ എന്നാൽ വൃത്തി, ദൃഷ്ടി, കൃതി,വാക്ക് എല്ലാം പരിവർത്തനമായതിന്റെ അനുഭവം ചെയ്യിപ്പിക്കൂ. പവിത്രയുടെ വ്യക്തിത്വവും, ആത്മീയ റോയൽറ്റിയുടെ അനുഭവും ഒന്നിച്ച് ചെയ്യിപ്പിക്കൂ. വന്നു പരിചയപ്പെടുമ്പോൾ തന്നെ ഈ വ്യക്തിത്വത്തിലേക്ക് ആകർഷിതരാകണം.